പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1082

05/03/2020-ൽ മറുപടിയ്ക്ക്

**<u>പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിൽ ഉൾപ്പെട്ട പട്ടാമ്പിയിലെ സ്കൂളുകൾ</u>**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. മുഹമ്മദ് മുഹസിൻ . പി** | **പ്രൊഫ.സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| (എ) പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നവീകരിക്കുന്നതിന് മൂന്ന് കോടി രൂപ അനുവദിച്ചിട്ടുള്ള പട്ടാമ്പി മണ്ഡലത്തിലെ മൂന്നു സ്കൂളുകളിൽ അധിക ഫണ്ടിനായി എം.എൽ.എ. ആസ്തിവികസനഫണ്ടിൽ നിന്നും നീക്കി വച്ചിട്ടുള്ള തുകയുടെ ഭരണാനുമതി വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) ആസ്തി വികസന ഫണ്ടിൽ നിന്നും നീക്കി വച്ചിട്ടുള്ള തുകയുടെ ഭരണാനുമതി മാർച്ച് മാസത്തിനുള്ളിൽ ലഭിക്കേണ്ടതിനാൽ എത്രയും പെട്ടന്ന് ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) പ്രവൃത്തിയുടെ എസ്റ്റിമേറ്റ്, ചെക്ക് ലിസ്റ്റ് എന്നിവ പാലക്കാട് ജില്ലാ കളക്ടർക്ക് ലഭ്യമായാലുടൻ, ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (സി) മേൽ പറഞ്ഞ ഫണ്ടിന് ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കാമോ? | (സി) ആദ്യ നടപടിയെന്ന നിലയ്ക്ക് പ്രധാനാധ്യാപകൻ/ പ്രധാനാധ്യാപിക വിദ്യാഭ്യാസ ഉപഡയറക്ടർക്ക് ഡിപിആർ സമർപ്പിക്കണം. അതിന് ശേഷം പ്രവൃത്തിയുടെ എസ്റ്റിമേറ്റ്, ചെക്ക് ലിസ്റ്റ് എന്നിവ മേലൊപ്പ് ചാർത്തി വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ജില്ലാ കളക്ടർക്ക് സമർപ്പിക്കുന്ന മുറയ്ക്ക്, പ്രസ്തുത രേഖകൾ സ്കാൻ ചെയ്ത് സൈറ്റിൽ അപ്‌ലോഡ് ചെയ്യുകയും ഭരണാനുതി ഉത്തരവിന്റെ കരട് അംഗീകാരത്തിനായി ഓൺലൈനായി ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയും, ജില്ലാ കളക്ടറുടെ അംഗീകാരത്തിന് വിധേയമായി പ്രസ്തുത ഉത്തരവ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്ക് അനുവദിക്കുകയും ചെയ്യുക എന്നതാണ് നടപടിക്രമം. |

Namitha.P

**സെക്ഷൻ ഓഫീസർ**